**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2686** **22-01-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. വി. ടി. ബൽറാം ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. അനൂപ് ജേക്കബ്** | | **Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കൃഷിയിൽ നിന്നും ചെറുകിടവ്യവസായങ്ങളിൽ നിന്നും ആദിവാസി ജനവിഭാഗങ്ങൾ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) | പട്ടികവർഗ്ഗക്കാർ കാർഷികോത്പാദനം നടത്തുന്നതോടൊപ്പം, വനവിഭവങ്ങളും ശേഖരിക്കുന്നുണ്ട്. ഇവ മാർക്കറ്റ് ചെയ്യുന്നതിന് പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും, സംഘങ്ങളുടെ പ്രവർത്തന നിയന്ത്രണങ്ങൾ ക്കായി പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനും പ്രവർത്തിച്ചു വരുന്നു. പാലക്കാട് അട്ടപ്പാടി പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ കോയമ്പത്തൂരിലും കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ സഹായത്തോടെ മൂല്യ വർദ്ധനവ് നടത്തി കൃഷി വകുപ്പിന്റെ ഇക്കോ ഷോപ്പ് വഴിയും ഓപ്പൺ മാർക്കറ്റ് വഴിയും വിപണനം ചെയ്തു വരുന്നു. പ്രോസസ് ചെയ്ത ഉത്പന്നങ്ങൾ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ വഴിയും വിപണനം ചെയ്യുന്നു. ഗദ്ദിക മേളകളിലും വില്പനയ്ക്കുള്ള സൗകര്യമൊരുക്കി വരുന്നുണ്ട്. |
| (ബി) | ഇത്തരം ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയിലൂടെ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | പട്ടികവർഗ്ഗക്കാർ ശേഖരിക്കുന്ന വനവിഭവങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനായി സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കൃഷിയിടത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് സൊസൈറ്റികൾ പ്രവർത്തിക്കുന്നില്ല. |
| (സി) | ആദിവാസി ഊരുകളിൽ അനൗപചാരിക വിദ്യാഭ്യാസത്തിന് സ്ഥിരസംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | പട്ടികവർഗ്ഗ ഊരുകളിൽ സാക്ഷരതാ മിഷൻ വഴി തുടർവിദ്യാഭ്യാസ പരിപാടി നടന്നുവരുന്നു. എന്നാൽ സ്ഥിര സംവിധാനം ഒരുക്കിയിട്ടില്ല. |
| (ഡി) | ആദിവാസി വിഭാഗത്തിനായി സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും നിയമപരിരക്ഷയെക്കുറിച്ചും അവരെ ബോധവൽക്കരിക്കുന്നതിനുള്ള സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | പട്ടികവർഗ്ഗക്കാർക്കായി സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും നിയമ പരിരക്ഷയെക്കുറിച്ചും അവരെ ബോധവത്കരിക്കുന്നതിനുള്ള സംവിധാനമുണ്ട്. ഊരുകൂട്ട യോഗങ്ങളിൽ ഇക്കാര്യങ്ങളെക്കുറിച്ച് വിശദമാക്കാറുണ്ട്. കൂടാതെ വിവിധ |

| | | | |
|---|---|---|---|
| | | | നിയമങ്ങളെക്കുറിച്ച് വകുപ്പിലെ ഉദ്യോഗസ്ഥർ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ക്ഷേമ പദ്ധതികളെക്കുറിച്ച് വിവരങ്ങൾ നല്കുന്നതിന് സോഷ്യൽ മീഡിയ പ്രചാരണവും ഇപ്പോൾ നടത്തുന്നുണ്ട്. ഊരുകൂട്ടങ്ങളിൽ സെമിനാറുകൾ നടത്തി ക്ഷേമ പദ്ധതികളെ കുറിച്ച് വിശദീകരിക്കാറുണ്ട്. ഇതിനു പുറമെ പ്രമോട്ടർമാർ മുഖേന പട്ടികവർഗ്ഗക്കാർക്കായുള്ള ക്ഷേമപദ്ധതികളെക്കുറിച്ചും അവ ലഭ്യമാക്കുന്നതിനുള്ള നടപടികളെക്കുറിച്ചും അവബോധം ഉണ്ടാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ